

(മുട്ടിലൂന്നികൊണ്ടു നീന്തി മെല്ലെ
പൂമ്പൈതൽ എത്തിപിടിച്ചു ചിത്രം)

# ഒരു നെഞ്ചു വേദനയുടെ കഥ

**സുധീർ പണിക്കവീട്ടിൽ**

ഹ്രുദയ മിടിപ്പിൻെറ അളവുകളെ
തിട്ടപെടുത്തിയ ഭിഷഗ്വരന്മാർ
രോഗനിദാനത്തിനായിയെന്നെ
മെത്തയിലാക്കി ഒരാഴ്ച്ചവട്ടം

ഒരു കൊച്ചു വേദന നെഞ്ചിനുള്ളിൽ

വന്നതിനിത്രയും കാര്യമുണ്ടൊ?
രോഗം നിസ്സാരമല്ലെന്ന പക്ഷം
അപ്പോത്തിക്കരിമാർ തൻ ഏക ലക്ഷ്യം

കുറ്റപെടുത്തികൊണ്ടവരെയെല്ലാം
ചെറ്റും ഭയക്കാതെ ഞാൻ കിടന്നു
വൈദ്യന്മാർ തീർക്കുന്ന വ്യാധിയല്ലാ-
തസുഖങ്ങളില്ലെനിക്കന്നുമിന്നും
എങ്കിലും സൂചി തുളുച്ചു കേറ്റി
നിണമൂറ്റി നാന പരീക്ഷകൾക്കായി
തട്ടികുടഞ്ഞെൻെറ ദേഹമെല്ലാം
നിത്യവും  ഡോക്ടർമാർ മാറി മാറി

ദൈവത്തിൻ ക്രുപകൊണ്ടു രോഗമൊന്നു
മില്ലെന്നു ചൊല്ലുന്നു പിന്നെയവർ
അതു കേട്ടിട്ടാഹ്ലാദ ചിത്തനായി
നാട്ടിലേക്കിണയെ വിളിച്ചു ഫോണിൽ
വിസയും പ്രതീക്ഷിച്ചു കഴിയുമെൻെറ
പത്നിയും, പുത്രിയും നാട്ടിലാണു
വാചാലയായ് പറഞ്ഞതവളൊക്കെയും
മോളേകുറിച്ചായിരുന്നു
കണ്ടിട്ടില്ലെങ്കിലും പുത്രിരൂപം
ഏറെകുറെ ഞാൻ മനസ്സിലാക്കി
ഫോൺ വച്ചു ഞാൻ മെല്ലെ വിശ്രമിക്കെ
മനസ്സിലാ ദ്രുശ്യങ്ങൾ വ്യക്തമായി
അങ്ങു വിദൂരമാം ദിക്കിലെങ്ങോ
പാലൊളി തൂകും ചിരിയുമായി
കുഞ്ഞിളം ചുണ്ടിലൊലിച്ചിറങ്ങും
ശർക്കര നീരു മുഖത്തു തേച്ച്
കുഞ്ഞികിടാവതാ കൊഞ്ചിനിൽപ്പൂ
കുഞ്ഞികൈ നീട്ടി കൊതിച്ചു നിൽപ്പൂ
മുട്ടിലൂന്നികൊണ്ടു നീന്തി മെല്ലെ
പൂമൈതൽ എത്തിപിടിച്ചു ചിത്രം
ചില്ലിട്ട ചിത്രത്തിനുള്ളിലഛൻ
മന്ദസ്മിതം തൂകി നിന്നതപ്പോൾ

ആരുമില്ലന്നേരം അവിടെയെങ്ങും
കുഞ്ഞികൈ കൂട്ടിയടിച്ചു പൈതൽ
പുവ്വുടലിൽ നിന്നുടുപ്പു മാറ്റി
പൂമേനിയൊക്കെ പുറത്തു കാട്ടി
ഇമപൂട്ടാതോമനകുട്ടിയെന്തോ
അഛൻെറ ചിത്രത്തിൽ തൊട്ടു നോക്കി
ചിത്രമാണെങ്കിലും അവിടെയപ്പോൾ
ആത്മബന്ധത്തിൻെറ ചരടഴിഞ്ഞു

കുഞ്ഞികൈകൊണ്ടവൾ തൊട്ടനേരം
ഹ്രുദയം തുടിച്ചുപോയ് നിർവ്രുതിയാൽ
ആ നല്ല നിമിഷത്തിൽ നെഞ്ചിലെങ്ങോ

അനുഭൂതി താളം പിടിച്ചുപോയി
അപ്പോത്തിക്കരിമാർക്കു നിർണ്ണയിക്കാൻ
ആ താളം രോഗമല്ലായിരുന്നു
വൈദ്യശാസ്ത്രത്തിനു ആത്മബന്ധം
അളക്കാൻ അളവു കോലൊന്നുമില്ല
രക്തബന്ധത്തിനദൃശ്യ ശക്തി
ഔഷധങ്ങൾക്കൊട്ടുമില്ലതാനും

*ശുഭം*